

പാലക്കാട്ട് വിശ്വാസിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ഭരണഘടനയുടെ 70-ാം വാർഷികാഘോഷം ഡപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ കെ. ഷീബ ഉദ്ഘാടനം ചെയ്യുന്നു.

# ഭരണഘടനാദിനം ആചരിച്ചു

പാലക്കാട്● ഭരണഘടനയുടെ 70-ാം വാർഷികം വിവിധ സംഘടനകളും സ്ഥാപനങ്ങളും ആചരിച്ചു. രാഷ്ട്രത്തെ ഒരുമിച്ചു നിർത്തുന്ന അടിസ്ഥാനശിലയാണു ഭരണഘടനയെന്നും സമത്വവും സന്തോഷവും സമാധാനവും ഉറപ്പുവരുത്താൻ ഭരണഘടനാനുസൃതമായ ജീവിതം ഉറപ്പാക്കണമെന്നും ജില്ലാ ജഡ്ജി കെ.പി. ഇന്ദിര പറഞ്ഞു. മലമ്പുഴ ഗിരിവികാസിൽ നെഹ്റു യുവകേന്ദ്ര സംഘടിപ്പിച്ച ഭരണഘടനാ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു ജില്ലാ ജഡ്ജ്.

അവകാശങ്ങളെ കുറിച്ചു മാത്രമല്ല ഉത്തരവാദിത്തങ്ങളെകുറിച്ചും പൗരന്മാർ ബോധവാന്മാരായിരിക്കണം. ഭരണഘടനയാണ് രാഷ്ട്രത്തിന്റെ ഏറ്റവും വലിയ കാവലാൾ.

കുട്ടികൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയാനും കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കാനുമായി നിരവധി നിയമങ്ങൾ നിലവിലുണ്ടെന്നും മറ്റൊരാളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാത്ത രീതിയിൽ സ്വന്തം ജീവിതം ക്രമപ്പെടുത്താൻ ജനങ്ങൾ ശീലിക്കണം.

നെഹ്റു യുവകേന്ദ്ര ജില്ലാ കോഓഡിനേറ്റർ എം. അനിൽകുമാർ അധ്യക്ഷനായി. സബ് ജഡ്ജ് എം. തുഷാർ, ബാർ അസോസിയേഷൻ പ്രസിഡന്റ് ടി.ഗിരി, കെ. വിനോദ് കുമാർ, കെ.സി. സബിത എന്നിവർ പ്രസംഗിച്ചു കെ. വിജയ ക്ലാസെടുത്തു.

കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് സംഘടിപ്പിച്ച പരിപാടി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ കെ.ഷീബ ഉദ്ഘാടനം ചെയ്തു. എൻ. രാഖി ക്ലാസെടുത്തു.

വിശ്വാസ് വൈസ് പ്രസിഡന്റ് എസ്. ശാന്തകുമാരി അധ്യക്ഷയായി. ബിഇഎം സ്കൂൾ പ്രധാന അധ്യാപിക ഡോറിസ് മനോരമ, ആർ. ദേവികൃപ, രജിതകുമാരി, വിനീത വിൽസൻ എന്നിവർ പ്രസംഗിച്ചു.